**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 277** **22-02-2022 - ൽ മറുപടിയ്ക്ക്**

**ദത്തു വിവാദത്തിന്മേലുള്ള അന്വേഷണ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ശിശുക്ഷേമ സമിതി കേന്ദ്രീകരിച്ച് നടന്ന ദത്തു വിവാദത്തിൽ വകുപ്പ് അധ്യക്ഷയുടെ തലത്തിൽ നടത്തിയ അന്വേഷണത്തിന്മേലുള്ള റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | റിപ്പോർട്ടിലെ ചില ഭാഗങ്ങൾ ബാലനീതി നിയമം 2015 ലെ സെക്ഷൻ 74(1), അഡോപ്ഷൻ റെഗുലേഷൻ 2017 സെക്ഷൻ 45 വ്യവസ്ഥകൾ പ്രകാരം പ്രസിദ്ധപ്പെടുത്തുന്നതിന് നിയമപരമായ വിലക്കുള്ളതിനാലും ആരോപണം ഉന്നയിച്ചിരിക്കുന്നവരും, ആരോപണത്തിന് വിധേയരായവരുടേയും തികച്ചും വ്യക്തിപരമായ വിവരങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുന്നതിനാലും റിപ്പോർട്ടിലെ ശുപാർശയിന്മേൽ തുടർ നടപടികൾ നടന്നു വരുന്നതിനാലും റിപ്പോർട്ടിന്റെ പകർപ്പ് തൽക്കാലം നൽകാൻ സാധിക്കുകയില്ല. നിയമപരമായ തുടർ നടപടികൾ പൂർത്തീകരിച്ച ശേഷം പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ബി) | പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | (ബി) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ശിശു ക്ഷേമ സമിതിയുടെ പ്രവർത്തനങ്ങൾ വ്യവസ്ഥാപിതവും സുതാര്യവും കുറ്റമറ്റതും ആക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുവാൻ ഡയറക്ടറോട് ആവശ്യപ്പെട്ടി ട്ടുണ്ട്. റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള മറ്റു വിഷയങ്ങളിന്മേൽ അന്വേഷണം നടത്തുന്നതിന് അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ